സേനാനികൾക്കും അവരുടെ അർഹരായ കുടുംബാംഗങ്ങൾക്കും രാജ്യം നൽകുന്ന ആദരമാണ്. ആയതിനാൽ സർവ്വീസ് പെൻഷനും ക്ഷേമപെൻഷനുകളും വർദ്ധിപ്പിക്കുന്ന രീതിയിൽ കേരള സ്വാതന്ത്ര്യ സമരസേനാനി പെൻഷനും ക്ഷാമബത്തയും വർദ്ധിപ്പിക്കാറില്ല.

(സി) കേരള സ്വാതന്ത്ര്യ സമരസേനാനികളുടെ ഡി.എ. വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

75 (2894) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പട്ടിത്താനം, കോനാട്ടുവീട്ടിൽ ശ്രീ. നാരായണന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും CMDRF No.34852/2013 dated 11-10-2013-ൽ അനുവദിച്ച 10,000 രൂപ ടിയാന് കിട്ടാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; ഇക അനുവദിച്ചത് സംബന്ധിച്ച് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ ; പ്രസ്തുത കക്ഷിക്ക് ഇക അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(ബി) CMDRF No. 13526 /CM/2015 dated 17-3-2015, No.8046/DRF/ CM/2015 dated 23-2-2015 എന്നീ അപേക്ഷകളിന്മേൽ ഇറക്കിയിട്ടുള്ള ജി.ഒ. നൽകാമോ ; എത്ര രൂപ ചികിത്സാ ധനസഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 29-10-2013-ലെ സ.ഉ.(സാധാ)നമ്പർ 5809/13/റവന്യൂ പ്രകാരം കടുത്തുരുത്തി പട്ടിത്താനം, കോനാട്ടുവീട്ടിൽ ശ്രീ. നാരായണന് 10,000 രൂപ (പതിനായിരം രൂപ മാത്രം) അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 10-7-2015-ന് ശ്രീ. നാരായണൻ ഇക കൈപ്പറ്റിയിട്ടുള്ളതായി എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(ബി) No.13526/DRF/CM/2015 തീയതി 17-3-2015 നമ്പർ അപേക്ഷയ്ക്ക് 5,000 രൂപ സ.ഉ.(സാധാ)നമ്പർ 2594/15/റവന്യൂ തീയതി 21-5-2015 പ്രകാരവും (ക്രമ നം. 41-മായാവിനോദ്), 8046/DRF/CM/2015 തീയതി 23-2-2015 നമ്പർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷയ്ക്ക് 35,000 രൂപ സ.ഉ.(സാധാ) നമ്പർ 2977/15/റവന്യൂ തീയതി 10-6-2015 പ്രകാരവും (ക്രമ നം. 4- മേരി മാത്യൂ) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം II, III ആയി ചേർത്തിട്ടുണ്ട്. *

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം

76 (2895) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായത്തിന് അപേക്ഷ നല്കിയ ശ്രീമതി മണി, കളത്തിൽ, മണപ്പള്ളിവടക്ക്, മണപ്പള്ളി പി.ഒ, തഴവ, പവുമ്പ വില്ലേജ് കരുനാഗപ്പള്ളി, കൊല്ലം എന്ന വ്യക്തിക്ക് നാളിതുവരെ ധനസഹായം ലഭ്യമാക്കിയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വ്യക്തി എം.എൽ.എ. മുഖാന്തരം അപേക്ഷ നൽകിയിട്ട് ഒരു വർഷമായിട്ടും ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നൽകാത്തതിന്റെ കാരണം വിശദമാക്കുമോ ;

(സി) അടിയന്തരമായി ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ഈ വ്യക്തിയുടെ കുടുംബത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) 26-6-2015-ലെ സ.ഉ.(സാധാ) നമ്പർ 3358/15/റവ പ്രകാരം ശ്രീമതി മണി, കളത്തിൽ, മണപ്പള്ളിവടക്ക്, മണപ്പള്ളി പി.ഒ., തഴവ, പവുമ്പ, കരുനാഗപ്പള്ളി, കൊല്ലം എന്നയാൾക്ക് മകന്റെ ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 50,000 (അമ്പതിനായിരം) രൂപ അനുവദിച്ചിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച ചികിത്സാ സഹായം

77 (2896) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആലപ്പുഴ ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ നിന്നും എം.എൽ.എ മാർ മുഖേന ലഭിച്ച ചികിത്സാസഹായ അപേക്ഷകൾ എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; പ്രസ്തുത അപേക്ഷകളിന്മേൽ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly